**പതിനാലാം കേരള നിയമസഭ**

പതിനാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.780** **30.01.2019 -ലെ മറുപടിക്ക്**

**<u>നെയ്യാറ്റിൻകര മണ്ഡലത്തിൽ അംബേദ്കർ ഗ്രാമം പദ്ധതി</u>**

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.കെ. ആൻസലൻ** | | **ശ്രീ. എ.കെ.ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്കസമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | നെയ്യാറ്റിൻകര നിയോജക മണ്ഡലത്തിൽ അംബേദ്കർ ഗ്രാമം പദ്ധതിയിൽ പുതിയതായി ഉൾപ്പെടുത്തിയ പട്ടികജാതി കോളനികൾ ഏതൊക്കെയാണ്; ഇവയ്ക്കായി എത്ര തുകയാണ് അനുവദിക്കുന്നതെന്ന് വെളിപ്പെടുത്തുമോ; | (എ) | 2016-17 സാമ്പത്തിക വർഷം ടി പദ്ധതി പ്രകാരം നെയ്യാറ്റിൻകര നിയോജക മണ്ഡലത്തിൽ നിന്നും ഭാസ്കർ നഗർ, പൂഴിക്കുന്ന് പനവിളാകം എന്നീ രണ്ട് കോളനികളെയാണ് തെരഞ്ഞെടുത്തിട്ടുള്ളത്. തെരഞ്ഞെടുക്കപ്പെട്ട കോളനികളിൽ ഒരു കോടി രൂപവരെയുള്ള നിർമ്മാണ പ്രവർത്തനങ്ങളാണ് നടത്തുന്നത്. |
| (ബി) | 2016-17 ൽ അംബേദ്കർ ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തിയ പൂഴിക്കുന്ന്, ഭാസ്കർ നഗർ കോളനികളുടെ പ്രവൃത്തികളുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ; | (ബി) | 2016-17 ൽ തെരഞ്ഞെടുക്കപ്പെട്ട പൂഴിക്കുന്ന് പട്ടികജാതി കോളനിയിലെ കൽവർട്ടിന്റെ സ്കെച്ച് ഇറിഗേഷൻ വകുപ്പിൽ നിന്നും ലഭിക്കാത്തതിനാൽ ടെക്നിക്കൽ സാംഗ്ഷൻ ലഭിച്ചിട്ടില്ല. ഭാസ്കർ നഗർ കോളനിയിലെ നിർമ്മാണം പുരോഗമിക്കുന്നു. |
| (സി) | പ്രസ്തുത കോളനികളുടെ നവീകരണ പ്രവർത്തനങ്ങൾ എപ്പോൾ പൂർത്തീകരിക്കാൻ കഴിയുമെന്നു വ്യക്തമാക്കാമോ? | (സി) | 2019 മാർച്ചിനു മുൻപ് പൂർത്തീകരിക്കുന്നതിനാണ് ലക്ഷ്യമിട്ടിട്ടുള്ളത് |

സെക്ഷൻ ഓഫീസർ